പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*9 23/01/2018-ൽ മറുപടിക്ക്

## പ്രതിരോധ കുത്തിവയ്പ്പുകൾക്കെതിരായ പ്രചരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | പ്രതിരോധ കുത്തിവയ്പ്പുകൾക്കെതിരെ നടത്തുന്ന അശാസ്ത്രീയ പ്രചരണം തടയാൻ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | എ) | പ്രതിരോധ കുത്തിവെയ്പ്പുകൾക്കെതിരെ നടത്തുന്ന അശാസ്ത്രീയ പ്രചരണം തടയുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വാക്സിനേഷൻ നടത്തുന്നതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്തു.<br>1) നിശ്ചിത ഇടവേളകളിൽ പത്രവാർത്തകൾ നൽകി.<br>2) വിവിധ പത്രങ്ങളിൽ ബോധവൽക്കരണത്തിനും അശാസ്ത്രീയ പ്രചരണം തടയുന്നതിനുമായി പരസ്യങ്ങൾ നൽകി.<br>3)പത്രത്തിലൂടെയും ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും സന്ദേശങ്ങളും, അഭിമുഖങ്ങളും, വാർത്തകളും തുടരെ തുടരെ നൽകുകയുണ്ടായി.<br>4) ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ തുടങ്ങിയവർ വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് യോഗം കൂടുകയും വാക്സിനേഷൻ ഫലപ്രദമായി നടത്തുന്നതിനുമായി നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.<br>വാക്സിൻ വിരുദ്ധ പ്രവർത്തകർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറും ആരോഗ്യ വകുപ്പ് ഡയറക്ടറും പോലീസ് അധികാരികൾക്ക് പരാതി നൽകി.<br>നവമാധ്യമങ്ങളിലൂടെ പ്രതിരോധ കുത്തിവെയ്പ്പിന് അനുകൂലമായി വ്യാപകമായ പ്രചരണങ്ങൾ നടത്തി. വാക്സിൻ വിരുദ്ധ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് നവ മാധ്യമങ്ങളിലൂടെ മറുപടി നൽകി. ആരോഗ്യ വകുപ്പിലെയും |

| | | | |
|---|---|---|---|
| | | | ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സിലെയും ഇന്ത്യൻ മെഡിക്കൽ അസോസിയേഷനിലെയും ഡോക്ടർമാർ വാക്സിൻ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്തി. ആരോഗ്യ വകുപ്പിലെ ഫീൽഡുതല ജീവനക്കാരും അംഗനവാടി-ആശാ പ്രവർത്തകരും ഗ്രാമതലത്തിലും നഗര-പഞ്ചായത്ത്-വാർഡ് തലങ്ങളിലും വിപുലമായ പ്രവർത്തനങ്ങൾ നടത്തി സ്കൂളുകളിൽ പി.റ്റി.എ മീറ്റിംഗുകൾ, സംഘടിപ്പിക്കുകയും സമൂഹത്തിലെ പ്രമുഖ വ്യക്തികളെയും മതനേതാക്കളെയും ഉൾപ്പെടുത്തി പ്രതിരോധ കുത്തിവെയപ്പിനെതിരെ പ്രചരണങ്ങൾ നടത്തുന്നവർക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. |
| ബി) | വൈകല്യങ്ങളില്ലാതെയുള്ള ജനനവും ജീവിതവും കുട്ടികളുടെ മൗലികാവകാശമായതിനാൽ, പ്രതിരോധ കുത്തിവയ്പ്പുകൾ എതിർക്കുന്നവരെ ബോധവത്കരിക്കാൻ ശ്രമിക്കുന്നതിനോടൊപ്പം കർശന നിയമ നടപടികളും സ്വീകരിക്കുമോ; | ബി) | പ്രതിരോധ കുത്തിവെയപ്പിനെതിരെ അശാസ്ത്രീയ പ്രചരണങ്ങൾ നടത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിലേയ്ക്കായി പോലീസിൽ പരാതി നൽകുകയുണ്ടായി. |
| സി) | മീസൽസ് റൂബെല്ലാ വാക്സിനേഷൻ യജ്ഞം വിജയിച്ചുവോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദ വിവരം അറിയിക്കുമോ? | സി) | മീസൽസ് - റൂബെല്ല വാക്സിനേഷൻ യജ്ഞം സംസ്ഥാനത്തെ 9 മാസം പൂർത്തിയായതുമുതൽ 15 വയസ്സ് വരെയുള്ള 88% കുട്ടികൾക്ക് നൽകി. വാക്സിനേഷൻ എടുത്ത കുട്ടികൾക്ക് മീസൽസ് - റൂബെല്ല എന്നീ അസുഖങ്ങൾ ഈ കുത്തിവെയ്പ്പ് എടുക്കുന്നതുമൂലം തടയാൻ കഴിയുമെന്നതിനാൽ ഈ യജ്ഞം വിജയകരമായിരുന്നു. |

സെക്ഷൻ ഓഫീസർ